Ration deposits.

342. [14] **Shri N. Parameswaran Pillai:** Will the Home Minister be pleased to state:

(*a*) has the A. R. Ds. of Changanacherry taluk applied for the return of their ration deposits;

(*b*) whether the same has been returned to them; if not why?

Answer.

(*a*) Yes.

(*b*) The security deposits are being released to the parties concerned.

UNSTARRED QUESTIONS POSTED FOR ANSWER ON 16-4-1955.

ടൗൺബസ്സ് സർവ്വീസ്.

343. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിൽ ഒല്ലൂർ—തിരുർ എ. ബി. റോ. കമ്പനിക്കാരുടെ ടൗൺബസ്സ് സർവ്വീസ് നിറുത്തൽ ചെയ്യാനുള്ള കാരണം എന്താണ്;

(ബി) നിറുത്തൽ ചെയ്യുതിനെ സംബന്ധിച്ച് നാട്ടുകാരിൽ നിന്നു വല്ല പരാതികളും ലഭിച്ചിട്ടുണ്ട്;

(സി) അതിൽ ഗവണ്മെന്റ് എന്തു നടപടിയാണ് കൈക്കൊണ്ടതു?

ഉത്തരം.

(എ) തൃശ്ശൂർ റോഡ് ട്രാഫിക്ക് ബോർഡ് എ. ബി. റോ. കമ്പനിക്കാക്ക് ഒല്ലൂർ—തിരുർ ലൈനി മൂന്നുമാസത്തേക്ക് മാത്രം താൽക്കാലിക പെർമിറ്റ് നൽകി. അതിന്മേൽ ബാലകൃഷ്ണാ ബ്രദേഴ്സ്, ടി. ആർ. അനന്തരാമൻ എന്നു രണ്ടു ബസ്സുടമകളും സെൻട്രൽ റോഡ് ട്രാഫിക്ക് ബോർഡിൽ അപ്പീൽ ബോധിപ്പിച്ചു. സെൻട്രൽ ബോർഡു രണ്ടു കക്ഷികളേയും കേട്ടതിനുശേഷം പ്രസ്തുത പെർമിറ്റ് മോട്ടോർ വെഹിക്കിൾസ് ആക്ടിന്റെ സെക്ഷൻ 62 പ്രകാരം പുതുക്കുവാൻ പാടില്ലാത്തതാണെന്നു കാണുകയാൽ തൃശ്ശൂർ റോഡ് ട്രാഫിക്ക് ബോർഡിന്റെ തീരുമാനത്തെ റദ്ദു ചെയ്തു.

(ബി) നാലു്.

(സി) പ്രസ്തുത റദ്ദു സ്ഥിരമായ പെർമിറ്റ് കൊടുക്കുവാൻ വേണ്ട നടപടികളും എടുക്കുവാൻ തൃശ്ശൂർ ട്രാഫിക്ക് ബോർഡിനോടു പറഞ്ഞിട്ടുണ്ട്.

എം. എൽ. എ. മാരുടെ പേരിൽ പോലീസ് ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ.

344. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സഭയിലെ അംഗങ്ങളിൽ ആരുടെയെല്ലാം പേരിൽ പോലീസ് ചാർജ്ജ് ചെയ്തിട്ടുള്ള കേസുകൾ നിലവിലുണ്ടു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്രപേരുടെ പേരിൽ എത്ര കേസുകളാണ് നിലവിലുള്ളത് ?

ഉത്തരം.

(എ) ശ്രീ. എസ്. എസ്. ശർമ്മാ, തങ്കയ്യാ, കെ. എ. ബാലൻ, തോപ്പിൽ ഭാസ്കരൻപിള്ള, ആർ. സുഗതൻ, കെ. ആർ. ഗൌരി, പി. ആർ. മാധവൻപിള്ള, കാട്ടായിക്കോണം ശ്രീധരൻ, വി. വേലായുധൻ, യു. നീലകണ്ഠൻ, ആർ. ബാലകൃഷ്ണൻ നായർ, കുഞ്ഞൻ നാടാർ, ടി. ടി. ഡാനിയേൽ, എ. എം. സൈമൺ, താണുലിംഗ നാടാർ, വില്യം, രാമസ്വാമിപ്പിള്ള, നൂർമുഹമ്മദ്, അനന്തരാമൻ, പൊന്നപ്പനാടാർ എന്നിവരുടെ പേരിൽ കേസുകൾ നിലവിലുണ്ട്.

(ബി) ഒരാളുടെ പേരിൽ മൂന്നു കേസുകൾ, രണ്ടു പേരുടെ പേരിൽ രണ്ടു കേസുകൾ വീതം. ബാക്കിയുള്ളവരുടെമേൽ ഒരോ കേസുകൾ വീതം.

ജോയിഡ്രില്ലുകൾ വാങ്ങിയതിലെ ക്രമക്കേടുകൾ.

345. [25] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) കഴുകിണറുകൾ കുഴിക്കുന്നതിനുള്ള ജോയിഡ്രിൽ യന്ത്രങ്ങൾ ആരോടാണ്, എത്ര എണ്ണമാണ് വാങ്ങിയതു് ;

(ബി) Larsen & Toubro കമ്പനിയോടു് ആ യന്ത്രങ്ങൾ വാങ്ങാൻ മുഖ്യമന്ത്രി ഉത്തരവിട്ടതിനു കാരണമെന്താണ് ?

ഉത്തരം.

(എ) ജോയിഡ്രിൽ യന്ത്രങ്ങൾ വാങ്ങിയിട്ടില്ല. ഒരു Hydraulic Rotary drill വാങ്ങിയിട്ടുണ്ട്. അതു് Larsen and Toubro കമ്പനിയിൽ നിന്നാണ്.

(ബി) കുറഞ്ഞ ക്വൊട്ടേഷൻ Larsen and Toubro കമ്പനിയുടേതായതിനാൽ.

ലാക്കൊപ്പു മർദ്ദനങ്ങൾ.

346. [27] ശ്രീ. പി. കെ. ചാത്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹോംമിനിസ്റ്റർ ദയവു മറുപടി നൽകുമോ :

(എ) 1954-55-ൽ എത്ര ലാക്കൊപ്പു മർദ്ദനങ്ങൾ നടന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടു് ; എവിടെ നിന്നെല്ലാം ;

(ബി) മുകുന്ദപുരം താലൂക്കിൽ കാറളം നിന്നു് അറസ്റ്റു് ചെയ്തു കൊണ്ടുവന്ന കർഷകത്തൊഴിലാളികളെ ഇരിങ്ങാലക്കുടപോലീസു് ലാക്കൊപ്പിൽവച്ചു് മർദ്ദനം നടത്തിയതായി പരാതി കിട്ടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെല്ലാം നിന്നു് ;

(സി) ഈ മർദ്ദനഫലമായി എത്ര ആളുകൾ ആസ്പത്രി ചികിത്സയിൽ എത്ര ദിവസം കിടന്നിരുന്നുവെന്നു പറയാമോ ;

(ഡി) ഈ പരാതികളെ സംബന്ധിച്ചു് അന്വേഷണം നടത്തിയതാരാണു് ; അന്വേഷണറിപ്പോർട്ടിന്മേൽ എന്തു നടപടിയെടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly